# സി.വി. ശ്രീരാമനെപ്പറ്റി.

ഇ. ഹരികുമാര്‍

കണ്ടു കുറച്ചുനേരം സംസാരിച്ചു പിരിയുമ്പോള്‍ നമ്മുടെ മനസ്സില്‍ ആ വ്യക്തിയെ സംബന്ധിച്ചു ണ്ടാകുന്ന പ്രതികരണങ്ങള്‍ പലതായിരിയ്ക്കും. സി.വിയുമായി സംസാരിയ്ക്കുകയോ, അദ്ദേഹം പങ്കെടുക്കുന്ന വെറുമൊരു സുഹൃദ്സ്സദസ്സില്‍ പങ്കെടുക്കുകയോ ചെയ്താല്‍പ്പോലും എനിയ്ക്കുണ്ടാകുന്ന തോന്നല്‍ എന്തോ നേടിയിട്ടുണ്ടെന്നായിരുന്നു. നമ്മുടെ മനസ്സ് ആഹ്ലാദഭരിതമാകുന്നു, നമ്മെ ആത്മാര്‍ത്ഥമായി സ്നേഹിക്കുന്ന ഒരാള്‍ നമുക്കിടയില്‍ ഉണ്ടെന്ന തോന്നല്‍ നമ്മെ കൂടുതല്‍ക്കൂടുതല്‍ ആ വ്യക്തിയോടടുപ്പിയ്ക്കുന്നു. അതായിരുന്നു ശ്രീരാമേട്ടന്‍. ഇതൊരപൂര്‍വ്വമായ അനുഭൂതിയായിട്ടെ എനിയ്ക്കനുഭവപ്പെട്ടിട്ടുള്ളു, കാരണം സാഹിത്യലോകത്തില്‍ പ്രത്യേകിച്ച് എനിയ്ക്കനുഭവപ്പെട്ടിട്ടുള്ളത് വളരെ തിക്തമായ കുതികാല്‍ വെട്ടലിന്റെയും ചതിക്കപ്പെടലിന്റെയും അനുഭവങ്ങളാണ്.

ചിരിച്ചുകൊണ്ടുള്ള 'ഹരീ' എന്ന വിളിയില്‍ ചതിയില്ല, കുതികാല്‍ വെട്ടാനുള്ള സന്നാഹമില്ല, വെറും സ്നേഹം മാത്രം. മലയാളസാഹിത്യത്തില്‍ ഏറ്റവും മുന്നിലെ വരിയില്‍ത്തന്നെ നില്‍ക്കാന്‍ പ്രാപ്തമായ കഥളെഴുതിയപ്പോഴും തന്നെ ഒരു നികൃഷ്ടനെപ്പോലെ തഴഞ്ഞ നിരൂപകരോടുപോലും പകയില്ല കന്മഷമില്ല. ഒരിയ്ക്കല്‍ ശ്രീ. സി.ആര്‍. ഓമനക്കുട്ടന്‍ എന്നോടു പറഞ്ഞു. 'രണ്ടു കഥകള്‍ സിനിമയാക്കിയതുകാരണം ശ്രീരാമേട്ടന്‍ രക്ഷപ്പെട്ടു. ഹരിയും യുകെ.കുമാരനുമൊന്നും അങ്ങിനെയും രക്ഷപ്പെടാന്‍ ചാന്‍സു കാണുന്നില്ലല്ലോ.' ശരിയാണ് ശ്രീരാമേട്ടന്‍ രക്ഷപ്പെട്ടത് അങ്ങിനെയാണ്. അല്ലായിരുന്നുവെങ്കില്‍ കരുതിക്കൂട്ടിയുള്ള, വളരെ ആസൂത്രിതമായ, തമസ്കരണത്തിന്റെ നിഴലില്‍ അദ്ദേഹവും ആരുമല്ലാതെ പോകുമായിരുന്നു. ഇപ്പോഴും അദ്ദേഹം അര്‍ഹിയ്ക്കുന്ന സ്ഥാനം അദ്ദേഹത്തിനു കിട്ടിയിട്ടുണ്ടോ?

അതൊക്കെ പോകട്ടെ ഒരു വ്യക്തി എന്ന നിലയില്‍ വളരെ ആദരണീയനും നമ്മുടെയൊക്കെ മനസ്സില്‍ പ്രകാശം വിതറുന്നവനുമായിരുന്നു സി.വി. ശ്രീരാമന്‍. അദ്ദേഹവുമായുണ്ടായ ഓരോ സന്ദര്‍ഭവും പൊട്ടിച്ചിരിയില്‍ അവസാനിയ്ക്കുകയായിരുന്നു പതിവ്. ഒരിയ്ക്കല്‍ സാഹിത്യ അക്കാദമിയില്‍ വെച്ചു കണ്ടപ്പോള്‍ ഉണ്ടായ അനുഭവം ഞാനിപ്പോഴുമോര്‍ക്കുന്നു. പതിവുപോലെ സെക്രട്ടരി പ്രഫ. ദാമോദരന്‍ കാളിയത്തിന്റെ മുറിയില്‍ വെച്ച് ഞങ്ങളെല്ലാവരും സംസാരിയ്ക്കുകയായിരുന്നു. സിഗരറ്റു പുകയ്ക്കിടയിലൂടെ പൊട്ടിച്ചിരികള്‍. അതിനിടയ്ക്ക് പുറത്ത് നിരത്തിലൂടെ ഉച്ചഭാഷിണിയില്‍ എവിടെയോ നടക്കുന്ന ഒരു സമ്മേളനത്തിന്റെ അനൗണ്‍സ്മെന്റ് കേള്‍ക്കുന്നു. പിന്നെ അതിനെപ്പറ്റിയായി സംസാരം. ഏതോ വിദ്യാര്‍ത്ഥി ഫെഡറേഷന്റെ ആനിവേഴ്സറിയായിരുന്നെന്നാണ് ഓര്‍മ്മ. അതിനെപ്പറ്റിയെല്ലാം പറഞ്ഞ് ഉറക്കെ ചിരിച്ചുകൊണ്ട് അങ്ങിനെയിരിയ്ക്കുമ്പോഴാണ് രണ്ടു വിദ്യാര്‍ത്ഥികള്‍ മുറിയിലേയ്ക്കു കടന്നുവരുന്നത്. ദമോദരന്‍ മാസ്റ്റര്‍ ചോദിച്ചു. 'എന്താ കുട്ടികളേ?'

അനവസരത്തില്‍ എത്തിപ്പെട്ടപോലെ അവര്‍ നിന്നു പരുങ്ങുകയാണ്. അവസാനം അതിലൊരു കുട്ടി വിക്കിക്കൊണ്ട് പറഞ്ഞു. 'ശ്രീരാമന്‍ സാര്‍. ഞങ്ങള്‍ സാറിനെ കൊണ്ടുപോവാന്‍ കാറും കൊണ്ട് വന്നതാ. കുന്നംകുളത്തു പോയപ്പോ പറഞ്ഞു സാറ് അക്കാദമീല് പോയിട്ട്ണ്ട്ന്ന്. അപ്പൊ ഇങ്ങട്ട് വന്നതാ.'

ശ്രീരാമേട്ടന്‍ തലയില്‍ കൈവച്ചുകൊണ്ട് ഞങ്ങളോടു പറഞ്ഞു. 'ദൈവമേ, ഞാനാണ് അവര്ടെ ഉദ്ഘാടകന്‍! ഞാനത് മറന്നേ പോയി.' അതും പറഞ്ഞ് അദ്ദേഹം ചാടിയെഴുന്നേറ്റു. ഞങ്ങള്‍ സംസാരിച്ചുകൊണ്ടിരുന്ന തൃശ്ശൂര്‍ സമ്മേളനത്തിന്റെ ഉദ്ഘാടകനായിരുന്നു ശ്രീരാമേട്ടന്‍.

ശ്രീരാമേട്ടന്‍ പോയിട്ടും കുറേനേരം ആ മുറിയില്‍ ചിരിയുടെ അലകള്‍ അടിച്ചുകൊണ്ടിരുന്നു. അതായിരുന്നു സി.വി. ശ്രീരാമന്‍.

ഒരിയ്ക്കല്‍ കെ.എസ്. അനിയന്റെ ചെറുകഥാസമാഹാരം 'പാവക്കണ്ണുക'ളുടെ പ്രകാശനച്ചടങ്ങു കഴിഞ്ഞ് ഞങ്ങള്‍ അനിയന്റെ കാറില്‍ പോകുകയായിരുന്നു. എന്നെ വീട്ടില്‍ ഇറക്കിയശേഷം എങ്ങോട്ടു പോകണമെന്നതായിരുന്നു വിഷയം. ശ്രീരാമേട്ടന്‍ ഒരു പഴയ കഥ പറഞ്ഞു. ഒരിയ്ക്കല്‍ നീണ്ട ട്രെയിന്‍ യാത്രയിലായിരുന്നു. ഇരിയ്ക്കുന്ന സീറ്റിനു ചുറ്റും സ്ത്രീകള്‍ മാത്രം, പല വയസ്സിലുള്ളവര്‍. പകല്‍ വലിയ കുഴപ്പമില്ലാതെ കഴിഞ്ഞു. രാത്രി മുകളിലെ തന്റെ ബര്‍ത്തിലേയ്ക്കു കയറാനുള്ള തയ്യാറെടുപ്പിലായിരുന്നു ശ്രീരാമേട്ടന്‍. ബര്‍ത്തില്‍ ബെഡ്ഷീറ്റ് വിരിച്ചു, വെള്ളക്കുപ്പിയെടുത്തു രണ്ടു കവിള്‍ കുടിച്ചു. അപ്പോഴാണ് പകല്‍ വളരെ സൗഹൃദത്തോടെ സംസാരിച്ച ഒരു സ്ത്രീ ചോദിച്ചത്. 'അതെന്താണ്?'

തല്‍ക്കാലം രക്ഷപ്പെടാന്‍ അദ്ദേഹം പറഞ്ഞു. 'ചുക്കുവെള്ളം.'

'കരിങ്ങാലി വെള്ളായിരിയ്ക്കും അല്ലെ?'

'അതെയതെ.' വരാൻ പോകുന്ന വിപത്തിനെപ്പറ്റി വലിയ ബോധമില്ലാതെ ശ്രീരാമേട്ടൻ പറഞ്ഞു.

'കുടിച്ചു കഴിഞ്ഞാൽ എനിയ്ക്കും കൊറച്ച് തരണംട്ടോ.'

താൻ ശരിയ്ക്കും വെട്ടിലായെന്ന് അപ്പോഴാണ് ശ്രീരാമേട്ടന് മനസ്സിലായത്. അദ്ദേഹം പറഞ്ഞു. 'ഇതില് കരിങ്ങാലി മാത്രല്ല, വേറീം കൊറേ മര്ന്ന്കള്ണ്ട്. എന്റെ വലിയ്ക്ക് വേണ്ടി ഒരു നാട്ടുവൈദ്യര് പറഞ്ഞതാ.'

'എനിക്കുംണ്ട് ആസ്ത്മേടെ അസുഖം.' എന്നായി അവർ.

അവരെ മുഷിപ്പിയ്ക്കാതെ എങ്ങിനെ തടിതപ്പി എന്നു വിവരിയ്ക്കുമ്പോഴേയ്ക്ക് എന്റെ വീടെത്തി. പിന്നീടൊരിയ്ക്കൽ മുഴുവൻ പറഞ്ഞുതരാമെന്ന വാഗ്ദാനം നിലനിൽക്കുന്നു, ഇപ്പോഴും.

ഇ. ഹരികുമാർ
6.12.2008